**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4781** **13-03-2023 - ൽ മറുപടിയ്ക്ക്**

**അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (എ) | **കിഫ്ബി ധനസഹായത്തോടെയുള്ള അതിയന്നൂർ, കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണറിന്റെയും, സംപ്പും, പമ്പ് ഹൗസിന്റെയും പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ഓരോഘടകങ്ങളിലും ഇനി പൂർത്തീകരിക്കേണ്ടവ ശതമാനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.**<br><br>**<u>പോങ്ങിൽ ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും.</u>**<br><br>1. **സബ്സ്റ്റേഷൻ കെട്ടിടം - 10%**<br>2. **ക്ലോറിൻ റൂം - 10%**<br>3. **ക്ലോറിനേറ്റർ - 20%**<br>4. **ട്രാൻസ്ഫോർമർ, പമ്പ് സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ- 20%**<br>5. **പ്രധാന കെട്ടിടം - 20%**<br>6. **ഓഫീസ് റൂം, ലാബ്, സൊല്യൂഷൻ ടാങ്ക് റൂം - 20%**<br>7. **ഫിൽട്ടർഹൗസ് - 30%**<br>8. **പൈപ്പ് ഗ്യാലറി - 50%**<br>9. **ലാമെല്ലാ ക്ലാരിഫൈയർ - 10%**<br>10. **ഫ്ളോക്കുലേറ്റർ - 10%**<br>11. **റീസൈക്ലിംഗ് യൂണിറ്റ് - 100%**<br>12. **എയ്റേറ്റർ - 80%**<br>13. **ഉപരിതല ജലസംഭരണിയുടെ നിർമ്മാണം - 65%**<br><br>**<u>പിരായുംമൂട് കിണറും പമ്പ്ഹൗസും</u>**<br><br>1. **റാ വാട്ടർ പമ്പ് ഹൗസ് - 10%**<br>2. **സബ്സ്റ്റേഷൻ - 75%**<br>3. **നടവഴിപ്പാലം - 20%**<br>4. **ചുറ്റുമതിൽ - 85%** |

| | | | |
|---|---|---|---|
| | | | 5. ട്രാൻസ്ഫോർമർ, പമ്പ് സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ - 20%<br><br>500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ്‌ലൈൻ സ്ഥാപിക്കൽ- 15%<br><br>റോഡ് പുനസ്ഥാപന പ്രവൃത്തികൾ - 60%<br><br>പദ്ധതി 2023 മേയ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ജലജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതിയിൽ അതിയന്നൂർ പഞ്ചായത്തിൽ ജലവിതരണശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയുടെ 60% പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ കമുകിൻകോട്, തൊങ്ങൽ സ്കൂളിനടുത്ത് എന്നിവിടങ്ങളിൽ ജലസംഭരണികൾ നിർമ്മിക്കേണ്ടതുണ്ട്. കോട്ടുകാൽ പഞ്ചായത്തിന്റെ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയുടെ 63% പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ കട്ടച്ചൽകുഴി തെങ്ങു ഗവേഷണ കേന്ദ്രത്തിനു സമീപം ജലസംഭരണി നിർമ്മിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ